# അക്കാദമിക മാസ്റ്റർ പ്ലാൻ

എം.എം.എൽ.പി. സ്കൂൾ,
പെരിങ്ങാടി

2025-26

# പ്രാഥമിക വിവരങ്ങൾ

വിദ്യാഭ്യാസ ഉപജില്ല : ചൊക്ലി.

BRC : ചൊക്ലി.

CRC : ചൊക്ലി

പഞ്ചായത്ത് : ന്യൂമാഹി.

സ്ഥാപിതം : 1941

വാർഡ് നമ്പർ : 09

ജില്ല : കണ്ണൂർ

E mail : mmlps peringadi@gmail.

ഹെഡ്മിസ്ട്രസ് : ദീപ്തിലത N.T.K.
9495757707

ക്ലാസ് : I മുതൽ V വരെ
(പ്രീ-പ്രൈമറി ഉൾപ്പെടെ)

| ക്ലാസ് | [illegible] |
|---|---|
| I | 6 |
| II | 5 |
| III | 3 |
| IV | 6 |
| V | 4 |
| Total | 24 |

## പൊതുലക്ഷ്യങ്ങൾ

പെരിങ്ങാടി പ്രദേശത്ത് വർഷങ്ങളുടെ പാരമ്പര്യമുള്ള എം.എം.എൽ.പി. സ്കൂൾ ആധുനികമായ രീതിയിൽ ഒരു മികവിന്റെ കേന്ദ്രമാക്കി ഉയർത്തിക്കൊണ്ടുവരിക എന്നതാണ് പ്രഥമ ലക്ഷ്യമായി മുന്നിൽ കാണുന്നത്. വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാകുമ്പോൾ അക്കാദമിക അക്കാദമികേതര രംഗങ്ങളിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

-> എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചും നിലവാരമനുസരിച്ചും ഉയർന്ന ശേഷികൾ കൈവരിക്കേണ്ടതാണ്.

-> കുട്ടികളുടെ കഴിവിനും അഭിരുചിക്കും അനുസരിച്ച് കലാ സാഹിത്യ കായികാഭിരുചികൾ, പ്രവൃത്തിപരിചയം എന്നിവ പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ.

-> വ്യക്തമായ കാഴ്ചപ്പാടും ചിന്തയും കർമശേഷിയുമുള്ള ഒരു വിദ്യാർത്ഥി സമൂഹത്തെ വളർത്തിക്കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.

-> അക്കാദമിക മേഖലകളെ ഉപമേഖലകളാക്കി തിരിച്ച് ഭാഷ, ഗണിതം, ഇംഗ്ലീഷ്, പരിസര പഠനം എന്നിവയിൽ ശേഷി ബന്ധിതമായി പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.

# മുഖ്യ ലക്ഷ്യങ്ങൾ

## മലയാളം

എ.എം.എൽ.പി. സ്കൂൾ പെരിങ്ങാടിയിലെ I മുതൽ V വരെ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ ക്ലാസ് നിലവാരമനുസരിച്ച് മലയാള ഭാഷയിൽ വിനിമ എന്ത് ശേഷിയാണോ ലഭിക്കേണ്ടത് അതിനെ മറികടന്ന് ഭാഷാപഠനത്തിലൂടെ സ്വതന്ത്രവായന, സ്വതന്ത്രരചന എന്നിവ നടത്തുവാൻ പ്രാപ്തരാക്കുന്നു.

→ ഓരോ കുട്ടിയുടെ സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും വിവിധ രീതിയിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവുകൾ വികസിപ്പിക്കുന്നു.

## ഇംഗ്ലീഷ്

- ഓരോ ക്ലാസിന്റെയും നിലവാരമനുസരിച്ച് ഇംഗ്ലീഷ് ഭാഷയുടെ വിവിധ വ്യവഹാര രൂപങ്ങൾ കൈകാര്യം ചെയ്യുവാൻ പ്രാപ്തരാക്കുക.
- ഇംഗ്ലീഷ് ഭാഷയിലൂടെ ആശയ വിനിമയം നടത്തുന്നതിനുള്ള ശേഷി ഉറപ്പു വരുത്തുക.
- ഇംഗ്ലീഷ് കഥകളും കവിതകളും മറ്റു മാധ്യമങ്ങളും വായിച്ചും കേട്ടും ആസ്വദിക്കാൻ പ്രാപ്തരാക്കുക.

## ഗണിതം.

- ഗണിത പ്രവർത്തനങ്ങൾ അപഗ്രഥിച്ച് നിർദ്ധാരണം ചെയ്യുന്നതിനും പ്രായോഗിക തലത്തിൽ അവ ഉപയോഗിക്കു-

ന്നതിനും പ്രാപ്തരാക്കുക.
- പുതിയ ഗണിത പ്രശ്നങ്ങൾ നിർമിക്കാൻ പ്രാപ്തരാക്കുക.

## പരിസര പഠനം.

- സ്വന്തം പരിസരത്തെ സൂക്ഷ്മമായി നിരീക്ഷിക്കുവാനും മനസ്സിലാക്കുവാനും പ്രാപ്തരാക്കുക.
- സ്വന്തം പരിസരത്ത് നടക്കുന്ന പ്രകൃതിനശീകരണ പ്രവർത്തനങ്ങൾ മനസ്സിലാക്കി അവയെയും നേരിടുവാൻ സജ്ജരാക്കുക.
- I മുതൽ V വരെയുള്ള ക്ലാസുകളിൽ പരീക്ഷണങ്ങൾ സ്വയം ചെയ്ത് നിഗമനത്തിൽ എത്തിക്കുവാനും അനായാസ പരീക്ഷണങ്ങൾ രൂപീകരിക്കാനും പ്രാപ്തരാക്കുക.

## മത്സര പരീക്ഷകൾ

- വിവിധ മത്സര പരീക്ഷകൾ നേരിടാനുള്ള ആത്മവിശ്വാസവും ശേഷിയും വളർത്തിയെടുക്കുക.
- നാലാം തരത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും LSS പരീക്ഷയിൽ പങ്കെടുക്കാനുള്ള അവസരം ഒരുക്കുവാനും പരമാവധി പേർക്ക് LSS നേടാനും പ്രാപ്തരാക്കുക.

## പ്രവൃത്തി പരിചയം.

നിർമ്മാണ പ്രവർത്തനങ്ങളിൽ തല്പരരായ വിദ്യാർത്ഥികളുടെ അഭിരുചികൾ കണ്ടെത്തി അവർക്ക് മികച്ച പരിശീലനം നൽകി മത്സരപരിപാടികളിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുക.
- കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യം ഉയർത്തുന്നതിന

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|---|
| 1 | എൽ.എസ്.എസ് പരീക്ഷയിൽ മികച്ച വിജയം നേടുക. | 4ാം ക്ലാസ് (2,3 ക്ലാസുകൾ) | 1- എല്ലാ കുട്ടികളെയും പരീക്ഷയിൽ പങ്കെടുപ്പിക്കാൻ ക്ലാസ് റൂം പ്രവർത്തനങ്ങൾ നൽകി മികച്ച ഗ്രേഡിന് അർഹരാക്കുക.<br>2- ഓരോ പാഠവുമായി ബന്ധപ്പെട്ട് കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തി ക്ലാസ് തല പ്രവർത്തനങ്ങളായി ചെയ്യാൻ അവസരം നൽകുന്നു.<br>3- വിഷയാടിസ്ഥാനത്തിൽ സമയം കണ്ടെത്തി പ്രത്യേക പരിശീലനം ഒരുക്കുന്നു.<br>4- വിഷയാടിസ്ഥാനത്തിൽ വിദഗ്ദരുടെ ക്ലാസുകൾ നൽകുന്നു.<br>5- വിഷയാടിസ്ഥാനത്തിൽ മികച്ച റഫറൻസ് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>6- യൂണിറ്റടിസ്ഥാനത്തിൽ മാതൃകാപരീക്ഷകൾ നൽകുന്നു.<br>7- രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസുകൾ നൽകുന്നു. | ദീർഘകാലം. | ക്ലാസ്ടീച്ചർ. | PTA |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | | | 8- താഴ്ന്ന ക്ലാസുകളിൽ നിന്ന് എൽ.എസ്.എസ് പരീക്ഷയെ കണ്ടുകൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നൽകാൻ അവസരം നൽകുന്നു. | | | |
| 2 | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക. | എൽ.പി.തലം. | 1- ആഴ്ചയിൽ ക്വിസ് മത്സരം നടത്തുക.<br>2- ആനുകാലിക സംഭവങ്ങളുടെ ചിത്രങ്ങളും വാർത്തകളും ശേഖരിച്ച് ആൽബം നിർമ്മിക്കുന്നു.<br>3- മാസത്തിൽ രണ്ട് ദിവസം എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ലഘു പരീക്ഷണങ്ങൾ നടത്തുന്നു.<br>4- മികച്ച ശാസ്ത്ര പുസ്തകങ്ങൾ ശേഖരിച്ച് വായിക്കാൻ അവസരം നൽകുന്നു.<br>5- ക്ലബ്ബ് പ്രവർത്തനങ്ങൾ നടത്തുന്നു.<br>6- പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | ദീർഘകാലം. | കോർഡിനേറ്റർ - ശ്രീമതി.സബിത ടീച്ചർ. | PTA. |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|---|
| 3 | നിലവാരമുള്ള ഗണിത പഠനം. | എൽ.പി.തലം. | 1- എല്ലാ ദിവസവും കുസൃതിക്കണക്കുകൾ നൽകുന്നു.<br>2- മാസത്തിൽ ഒരിക്കൽ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.<br>3- യൂണിറ്റുവായി ബന്ധപ്പെടുത്തി ക്ലാസ് തലത്തിൽ കളികളിലൂടെ ഗണിത പഠനം നടത്തുന്നു.<br>4- ക്ലാസ് തലത്തിൽ മനഃക്കണക്കിന് അവസരം നൽകുന്നു.<br>5- ഗണിത ലാബ് ഒരുക്കുന്നു.<br>6- താഴ്ന്ന ക്ലാസുകളിൽ നിന്നു തന്നെ പ്രശ്നാപഗ്രഥന സാധ്യത ഉൾപ്പെടുത്തി കൊണ്ട് പ്രവർത്തനങ്ങൾ നൽകുന്നു. | ദീർഘകാലം. | കോർഡിനേറ്റർ റഹ്മദ്ബീ | PTA |
| 4 | കലാ കായിക പ്രവൃത്തി ശാസ്ത്ര മേളകളിൽ മികച്ച പങ്കാളിത്തം. | എൽ.പി. തലം. | 1- കുട്ടികളുടെ തെരഞ്ഞെടുപ്പ്.<br>2- വിദഗ്ദ്ധരുടെയും അധ്യാപകരുടെയും നേതൃത്വത്തിലുള്ള പ്രത്യേക പരിശീലനം.<br>3- പരമാവധി കുട്ടികളെ വിവിധ പരിപാടികളിലായി സ്കൂൾ തല മേളകളിൽ പങ്കെടുപ്പിക്കുന്നു | ദീർഘകാലം. | കോർഡിനേറ്റർ മുഹമ്മദ് മാസ്റ്റർ | PTA. |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|---|
| 5 | കുട്ടികളെ നല്ല വായനക്കാരാക്കുക | എൽ.പി.തലം. | 1- വായനാകാർഡുകൾ നൽകുക.<br>- ചിത്രവായന<br>- ക്ലാസ് തല ലൈബ്രറി രൂപീകരണം.<br>- വായനാമൂല<br>- വായനാമത്സരങ്ങൾ<br>- പുസ്തക പരിചയം.<br>- രചനാ പരിചയം. | ദീർഘകാലം | കോർഡിനേറ്റർ ജിഷ ടീച്ചർ | PTA |
| 6 | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | എൽ.പി. തലം | - ഇംഗ്ലീഷ് അസംബ്ലി.<br>- ഇംഗ്ലീഷ് പത്രവായന<br>- ഇംഗ്ലീഷ് news കേൾപ്പിക്കൽ.<br>- One day one word.<br>- Sentence making.<br>- Word builder.<br>- Puzzles, Riddles<br>- picture description. | ദീർഘകാലം | കോർഡിനേറ്റർ ബഷീർ മാസ്റ്റർ | PTA |
| 7 | പിന്നോക്കക്കാർക്കുള്ള പിന്തുണ പ്രവർത്തനങ്ങൾ | എൽ.പി. തലം. | - മധുരം മലയാളം.<br>- മലയാളത്തിളക്കം.<br>- പിന്തുണാ ക്ലാസുകൾ. | ~~SRG~~ ദീർഘകാലം | SRG | PTA |

| ക്രമ നമ്പർ | ലക്ഷ്യം. | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | | | - ചിത്ര വായന<br>- കഥ, നിർമ്മാണം. | | | |
| 8 | ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ | LP തലം. | - ബോധവത്കരണ ക്ലാസ്.<br>- ഡോക്യുമെന്ററി പ്രദർശനം.<br>- പോസ്റ്റർ നിർമ്മാണം.<br>- ലഹരി വിരുദ്ധറാലികൾ.<br>- ലഘുലേഖകൾ<br>- രക്ഷിതാക്കൾക്കുള്ള ബോധവത്കരണ ക്ലാസ്.<br>- ബോധവത്കരണ പ്രവർത്തനങ്ങൾ. | ദീർഘകാലം | SRG | PTA |